കെ. എസ്. ആർ. ടി. സി. യിൽ 1984–85-ലും 1985–86-ലും നടന്ന നിയമനങ്ങൾ

214 [301] ശ്രീ. പി. സി. തോമസ്:
,, സി. കെ. തങ്കപ്പൻ:
,, ജി. വരദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.യിൽ 1984–85, 1985–86 എന്നീ വർഷങ്ങളിൽ മൊത്തം എത്ര നിയമനങ്ങൾ നടന്നു; ഏതെല്ലാം കാറ്റഗറികളിൽ എത്രവീതം;

(ബി) ഇതിൽ പി. എസ്. സി. മുഖേന നിയമനം ലഭിച്ചവർ എത്ര;

(സി) സർവ്വീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന വ്യവസ്ഥപ്രകാരം നിയമിക്കപ്പെട്ടവരെത്ര?

ഉത്തരം

(എ) 1391

ഡ്രൈവർമാർ	598
കണ്ടക്ടർമാർ	540
ലോവർ ഡിവിഷൻ ക്ലാർക്ക്	66
ടൈപ്പിസ്റ്റ്	6
ഗാർഡ്	15
പ്യൂൺ	5
സ്വീപ്പർ	1
മെക്കാനിക്ക്	160

(ബി) 836 പേർ.
(സി) 49.

കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശുപാർശകൾ

215. (302) ശ്രീ. കെ. കെ. ബാലകൃഷ്ണൻ:
,, പി. സീതിഹാജി:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. ടി. അഹമ്മദ് അലി:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ശുപാർശകൾ സമർപ്പിക്കുവാൻ ഈ അടുത്ത കാലത്ത് ഗവൺമെന്റ് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനെ സംബന്ധിച്ച് റിപ്പോർട്ട് ഗവൺമെന്റിന് നൽകിയോ;

(സി) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാം;

(ഡി) ഈ ശുപാർശകൾ നടപ്പിലാക്കിയോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്. ഡോ. പി. ജെ. അലക്സാണ്ടർ.

(ബി) നൽകി.

(സി) യും (ഡി) യും റിപ്പോർട്ടിലെ ശുപാർശകൾ ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

കേരള ഷിപ്പിംഗ് കോർപ്പറേഷൻ

216 [304] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷിപ്പിംഗ് കോർപ്പറേഷൻ ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം;

(സി) ഒരു കപ്പൽപോലുമില്ലാത്ത ഈ കോർപ്പറേഷൻ നിർത്തലാക്കുന്നതിന് 1983-ൽ മന്ത്രിസഭ തീരുമാനമെടുത്തതിനുശേഷം വീണ്ടും കോർപ്പറേഷൻ നിലനിർത്താൻ ഉണ്ടായ പ്രത്യേക കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി) ഉണ്ട്. ഈ കോർപ്പറേഷൻ കേരള ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനുമായി സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഇതിനുവേണ്ട മെമ്മോറാണ്ടം കേന്ദ്ര സർക്കാരിലേക്ക് അയച്ചിട്ടുണ്ട്.

നേരത്തെ നടത്തിവന്നിരുന്ന പ്രവർത്തനങ്ങളിൽ അവശേഷിച്ചിട്ടുള്ള കാര്യങ്ങളാണ് ഇപ്പോൾ കോർപ്പറേഷൻ ചെയ്തുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly